പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 328 — 13.07.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി -പാഴ്സൽ കൊറിയർ സർവ്വീസുകൾ

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ :
" അൻവർ സാദത്ത് :
" ടി.എൻ. പ്രതാപൻ :
" ആർ. സെൽവരാജ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പാഴ്സൽ കൊറിയർ സർവ്വീസുകൾ തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി-യിൽ പാഴ്സൽ കൊറിയർ സർവ്വീസുകളുടെ ഉത്ഘാടനം 07.07.2015-ൽ നടത്തിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) യും (സി) യും | കോർപ്പറേഷന്റെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും തദ്വാരാ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് ചെറിയൊരളവ് വരെ കുറവ് വരുത്തുന്നതിനും സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇത് എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | 31.01.2015, 16.03.2015 എന്നീ തീയതികളിലെ ടെണ്ടർ നടപടികളിലൂടെ M/s ട്രാക്കോൺ കൊറിയേഴ്സ് എന്ന കമ്പനിയെ ലൈസൻസിയായി കണ്ടെത്തി. 07.07.2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരം KSRTC ബസ് സ്റ്റേഷനിൽ കൊറിയർ പാഴ്സൽ സർവ്വീസിന്റെ ഉത്ഘാടനം നിർവ്വഹിക്കുകയുണ്ടായി. കൊറിയർ സർവ്വീസ് മുഖാന്തിരം ആകെ സമാഹരിക്കുന്ന വരുമാനത്തിന്റെ താഴെപ്പറയുന്ന വിഹിതം പ്രതിമാസം |

കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

| മിനിമം തുക : 2 ലക്ഷം രൂപ | |
|---|---|
| 25 ലക്ഷം രൂപ വരെ | 22% |
| 50 ലക്ഷം രൂപ വരെ | 27% |
| 75 ലക്ഷം രൂപ വരെ | 32% |
| 1 കോടി രൂപ വരെ | 35% |
| 1 കോടി രൂപയ്ക്ക് മുകളിൽ | 40% |

മേൽ പദ്ധതിയിൽ കോർപ്പറേഷൻ ചെയ്യേണ്ടത്

1. ബസ് സ്റ്റേഷനുകളിൽ സ്റ്റോറേജ്, ഓഫീസ് എന്നിവയ്ക്ക് സ്ഥലം.
2. ബസുകളിൽ സ്റ്റോറേജ് സ്പെയ്സ്.
3. കയറ്റിയിറക്കാനായി വാഹനം കടന്നു ചെല്ലുന്ന സൗകര്യം.

കൊറിയർ ലൈസൻസിയുടെ ഉത്തരവാദിത്വം

1. പാഴ്സൽ ശേഖരിക്കുന്നതും വിതരണം ചെയ്യുന്നതും.
2. കളക്ഷനും ബില്ലിംഗും.
3. ബില്ലിംഗ്, കളക്ഷൻ, വിതരണം, കയറ്റിറക്ക് ഇവയ്ക്കു വേണ്ട മനുഷ്യ വിഭവശേഷി.
4. സ്ഥിരമായ പ്രവർത്തന മൂലധനത്തിനുള്ള ക്രമീകരണം.
5. ഉപഭോക്താവിന്റെ സംതൃപ്തി.
6. ഫ്രാഞ്ചൈസ്, കോ-ലോഡിംഗ് ബിസിനസ്സ് കൈകാര്യം ചെയ്യൽ.
7. എല്ലാവിധ നഷ്ടപരിഹാരങ്ങളും വ്യവഹാരങ്ങളും.

സെക്ഷൻ ഓഫീസർ